**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 692** | **06-12-2022 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ ക്വാറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ എത്ര പാറ ക്വാറികൾക്ക് പ്രവർത്തനാനുമതിയുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം 13 ആണ്. |
| (ബി) | പുതുതായി പാറ ക്വാറികൾ തുടങ്ങുന്നതിന് എത്ര അപേക്ഷകൾ പ്രസ്തുത മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ കരിങ്കല്ല് ക്വാറികൾ തുടങ്ങുന്നതിന് 14 അപേക്ഷകൾ നിലവിൽ ലഭിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ പ്രവർത്തനാനുമതി ലഭിച്ച പാറ ക്വാറികൾക്ക് എതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതികളിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കുമോ? | (സി) | ലഭിച്ചിട്ടുണ്ട്.<br><br>1) 14 ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിരുന്നു. അതിൽ ഉൾപ്പെട്ട ഒറ്റപ്പാലം താലൂക്ക്, നെല്ലായ വില്ലേജ്, സർവ്വെ നം.59/1-ൽ ഉൾപ്പെട്ട സ്ഥലത്തേക്ക് ശ്രീ.ഗോപിനാഥൻ, S/o, വേലായുധൻ, പാപ്പൻ കാട്ടിൽ ഹൗസ്, വല്ലപ്പുഴ, പട്ടാമ്പി എന്നവർക്ക് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതിലാണ് നിലവിൽ പരാതി ലഭിച്ചിട്ടുള്ളത്. പരാതിയെ തുടർന്ന് ടി സ്ഥലം 22/09/2022 തീയതിയിൽ മൈനിംഗ് & ജിയോളജി വകുപ്പ്, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകൾ സംയുക്തമായി സ്ഥലപരിശോധന നടത്തുകയും തുടർന്ന് ഖനനപ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. മേൽ സ്ഥലം 24/11/2022 തീയതിയിൽ ജിയോളജിസ്റ്റ്, മൈനിങ് ആന്റ് ജിയോളജി വകുപ്പ്, തഹസീൽദാർ, ഒറ്റപ്പാലം, സെക്രട്ടറി, നെല്ലായ ഗ്രാമപഞ്ചായത്ത് എന്നിവരോടൊപ്പം വീണ്ടും സംയുക്തമായി സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. പരിശോധനയിൽ ക്വാറി പ്രവർത്തനം നിർത്തിവെച്ച നിലയിൽ കാണപ്പെട്ടിട്ടുള്ളതുമാണ്.<br><br>2) ഒറ്റപ്പാലം താലൂക്കിലെ ചെർപ്പുളശ്ശേരി വില്ലേജിലെ റീ സർവേ ബ്ലോക്ക് നം.41 , റീ.സ.നം.81, 82, 83 |

| | | | |
|---|---|---|---|
| | | | ൽപ്പെട്ട 3.0757 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 12 വർഷത്തേക്കുള്ള ക്വാറിയിങ് ലീസ് ശ്രീ.എം.എ. അഷ്റഫ്, മാനേജിംഗ് പാർട്ണർ, മെ,ഇൻഫ്രാ ഗ്രാനൈറ്റ്സ്, LLP, വീട്ടിക്കാട്, തെക്കുമുറി പി.ഒ, ചെർപ്പുളശ്ശേരി എന്നവർക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. മേൽ ക്വാറിയെ സംബന്ധിച്ച് നിലവിൽ പരാതി ലഭിച്ചതിൽ 19.11.2022 തീയതിയിൽ ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി വകുപ്പ്, എൻവയോൺമെന്റൽ എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, തഹസീൽദാർ, ഒറ്റപ്പാലം, സെക്രട്ടറി, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തിയിട്ടുള്ളതും പരിശോധന റിപ്പോർട്ട് കളക്ടർക്ക് നൽകുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ